# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5167 26.03.2018 ൽ മറുപടിക്ക്

### ദേശീയപാത വികസന പദ്ധതികൾ

**ചോദ്യം**
**ശ്രീ.മുല്ലക്കര രത്നാകരൻ**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| സംസ്ഥാനത്ത് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | കേരളത്തിലെ ദേശീയ പാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത ( എൻ.എച്ച് 66) 45 മീറ്റർ ROW യിൽ 4/6 വരി പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല NHAI യ്ക്കാണ്. വിശദമായ പദ്ധതി രൂപ രേഖ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. സ്ഥലമെടുപ്പിനുള്ള നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലം ലഭ്യമായിട്ടുള്ള കോഴിക്കോട്, തലശ്ശേരി മാഹി എന്നീ ബൈപ്പാസ്സുകളുടെ നിർമ്മാണ നടപടികൾ തുടങ്ങിയിട്ടുണ്ട്.<br><br>കൂടാതെ 2017-18 സാമ്പത്തിക വർഷങ്ങളിൽ വാർഷിക പദ്ധതിയിൽ 478 കോടി രൂപയുടെ ദേശീയപാത വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ പ്ലാൻ ഫണ്ടിൽ 473 കോടി രൂപയ്ക്ക് അനുമതി ലഭിച്ചു. പുതിയ ദേശീയപാതയുടെ ഡി.പി.ആർ തയ്യാറാക്കാനും എൻ.എച്ച്.220 (പുതിയ എൻ.എച്ച് 183) രണ്ടു വരിപ്പാതയായി വികസിപ്പിക്കാനും എൻ.എച്ച്. 183 എ, എൻ.എച്ച് 213, എൻ.എച്ച് 185, എൻ.എച്ച് 49, എൻ.എച്ച്. 212, എൻ.എച്ച് 47 എ, എൻ.എച്ച് 220 എന്നിവയുടെ പുനരുദ്ധാരണം നടത്തുന്നതിനായും എൻ.എച്ച് 49 ലെ പെരുമറ്റം പാലം നന്നാക്കുന്നതിനുമാണ് തുക ലഭിച്ചിരിക്കുന്നത്.<br><br>കേന്ദ്ര സർക്കാർ അനുമതി നൽകിയതനുസരിച്ച് സംസ്ഥാനത്തെ മറ്റ് എല്ലാ ദേശീയപാതകളും |

(എൻ.എച്ച് 49, എൻ.എച്ച് 208, എൻ.എച്ച്. 212, എൻ.എച്ച്. 213, എൻ.എച്ച് 220, എൻ.എച്ച് 183 എ, എൻ.എച്ച് 185 എ ) എന്നിവ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിൽ പാലക്കാട് ജില്ലയിലെ നാട്ടുകൽ മുതൽ ചന്ദ്രനഗർ വരെയുള്ള 46.72 കി.മീറ്റർ, ഇടുക്കി ജില്ലയിലെ മൂന്നാർ മുതൽ ബോഡിമെട്ട് വരെയുള്ള 42.28 കി.മീറ്ററിന്റെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു.

ദേശീയപാതയായി കേന്ദ്രത്തിൽ നിന്നും തത്വത്തിൽ അംഗീകരിച്ചു കിട്ടിയ 12 റോഡ് സൂചികകളുടെ സാധ്യതാ പഠനത്തിനും വികസനത്തിനും വേണ്ടി ഡി.പി.ആർ തയ്യാറാക്കുന്ന നടപടി പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ